പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 241 | 10.12.2018-ൽ മറുപടിക്ക്

## തീരദേശപാതയുടെയും മലയോര ഹൈവേയുടെയും നിർമ്മാണം

**ചോദ്യം**

**ശ്രീ.ജോർജ് എം.തോമസ് :**
**ശ്രീ.റ്റി.വി.രാജേഷ് :**
**ശ്രീ.കെ.ദാസൻ :**
**ശ്രീ.ഡി.കെ.മുരളി :**

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) ദേശീയപാതയ്ക്ക് സമാന്തരമായി കിഫ്ബി ഫണ്ടുപയോഗിച്ച് തീരദേശപാതയും മലയോര ഹൈവേയും നിർമ്മിക്കാനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(എ) **തീരദേശഹൈവേ**

നാറ്റ്പാക്ക് തയ്യാറാക്കി സമർപ്പിച്ച തീരദേശ ഹൈവേയുടെ അലൈൻമെന്റിന് സ.ഉ.(സാധാ) നം.679/2017/പൊ.മ.വ. തീയതി 21.05.17 പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. 656 കി.മീ.നീളമുള്ള നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ ചെലവ് 6040 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്. 10.07.17 തീയതിയിലെ സ.ഉ (സാധാ) നം. 942/2017/പൊ.മ.വ. പ്രകാരം തീരദേശഹൈവേയ്ക്ക് 6500 കോടി രൂപ അനുവദിച്ച് തത്വത്തിൽ അംഗീകാരം നൽകുകയും കിഫ്ബി വഴി നടപ്പിലാക്കുന്നതിനായി KRFB യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെയുള്ള 15 കി.മീ. റോഡിന് 52.78 കോടി രൂപയുടെ ഭരണാനുമതി കിഫ്ബിയിൽ നിന്ന് ലഭ്യമായിട്ടുണ്ട്. മറ്റ് റീച്ചുകളുടെ വിശദമായ പദ്ധതി രൂപരേഖ സൈക്കിൾ ട്രാക്ക് ഉൾപ്പെടെ 14m വീതിയിൽ നിർമ്മിക്കുന്നതിനായി തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**മലയോരഹൈവേ**

മലയോരഹൈവേയുടെ നിർമ്മാണം 43 റീച്ചുകളായാണ് ഏറ്റെടുക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. 24 പദ്ധതികളുടെ ഡിപിആർ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. 460 കി.മീ. നീളം വരുന്ന 17 പദ്ധതികൾക്ക് 1506 കോടി രൂപയുടെ അംഗീകാരം കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം(1), കൊല്ലം (1), കാസർഗോഡ് (2) ജില്ലകളിലായി 4 പ്രവൃത്തികൾ ഇതിനകം കരാർ ഉറപ്പിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ മറ്റൊരു പ്രവൃത്തിയുടെ ടെണ്ടർ 23.11.2018

| | | | |
|---|---|---|---|
| | | | ന് ക്ഷണിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമായ മറ്റ് പ്രവൃത്തികൾക്ക് 12 മീറ്റർ വീതിയിൽ സൗജന്യമായി സ്ഥല ലഭ്യത ഉറപ്പുവരുത്തി സാങ്കേതികാനുമതി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. മലയോരഹൈവേയുടെ വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗത്തെ സ്ഥലം ലഭ്യമാക്കുന്നതിന് ഗവൺമെന്റ് തലത്തിൽ നടന്ന മീറ്റിംഗിൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ വനഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പും വനംവകുപ്പും ചേർന്ന് സംയുക്ത സ്ഥലപരിശോധന നടത്തി വനഭൂമി ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | നന്ദാരപ്പടവ് മുതൽ പാറശ്ശാല വരെയുള്ള 1200 കിലോമീറ്റർ മലയോരഹൈവേയുടെ അലൈൻമെന്റിന് അംഗീകാരമായോ; എത്ര കിലോമീറ്റർ റോഡിനാണ് കിഫ്ബി അംഗീകാരം ലഭിച്ചത്; റോഡ് വികസനത്തിനുള്ള ഭൂമി ലഭ്യമായിട്ടുണ്ടോ; | (ബി) | NATPAC തയ്യാറാക്കി സമർപ്പിച്ച മലയോരഹൈവേയുടെ അലൈൻമെന്റിന് 06.07.2009 ലെ സ.ഉ. (എം.എസ്) നം. 44/2009/പൊ.മ.വ. പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. 460 കി.മീ. നീളം വരുന്ന 17 പദ്ധതികൾക്ക് 1506 കോടി രൂപയുടെ അംഗീകാരം ഇതിനകം കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. 4 പ്രവൃത്തികൾ ഇതിനകം കരാർ ഉറപ്പിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. മറ്റൊരു പ്രവൃത്തി ഇപ്പോൾ ടെണ്ടർ ചെയ്തിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ പുരോഗമിക്കുന്നു.<br><br>മലയോരഹൈവേയുടെ വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗത്ത് സ്ഥലം ലഭ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പും വനം വകുപ്പും ചേർന്ന് സംയുക്ത സ്ഥല പരിശോധന നടത്തി വനഭൂമി ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | അറുനൂറ്റി അമ്പത്തിയാറു കിലോമീറ്റർ ദൈർഘ്യമുള്ള തീരദേശപാതയ്ക്ക് സ്ഥലലഭ്യതയുടെ പ്രശ്നം പരിഹരിക്കാൻ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കാമോ; തീരദേശ പാത വികസനവുമായി ബന്ധപ്പെട്ട് നാറ്റ്പാക് തയ്യാറാക്കിയ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ അറിയിക്കാമോ; | (സി) | 2 മീറ്റർ വീതിയിൽ സൈക്കിൾ ട്രാക്ക് ഉൾപ്പെടെ 14 മീറ്റർ വീതിയിൽ തീരദേശപാത നിർമ്മിക്കുന്നതിനും വീതി കുറഞ്ഞ ഭാഗങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ട്. അതുപോലെ തന്നെ പദ്ധതിയ്ക്കായുള്ള ഒഴിപ്പിക്കൽ നടപടികളിൽ പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും പങ്കാളിത്തവും സഹകരണവും ഉറപ്പാക്കുന്നതിനായി കിഫ്ബിയിൽ നാല് ടീമുകൾ രൂപീകരിച്ച് ഓരോ 150 കി.മീ. ഭാഗവും ഇതിൽ ഓരോ ടീമുകൾക്കായി വീതിച്ചു നൽകി തീരദേശ പാത കടന്നു പോകുന്ന മണ്ഡലങ്ങളിലെ ഉപഭോക്താക്കളുമായി ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ മീറ്റിംഗുകൾ നടത്താനും അലൈൻമെന്റിൽ ആവശ്യമായ ഭേദഗതികൾ വരുത്തി മാസ്റ്റർപ്ലാൻ തയ്യാറാക്കാനും കിഫ്ബിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>നാറ്റ്പാക്ക് തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം തീരദേശപാതയുടെ നീളം 656 കി.മീറ്ററാണ്. ഇതിൽ വിവിധ ഭാഗങ്ങളിലായി ഏകദേശം 28 കി.മീ. |

നീളത്തിൽ പുതിയ റോഡുകളോ പാലങ്ങളോ അല്ലെങ്കിൽ ഫ്ലൈഓവറുകളോ പുതുതായി നിർമ്മിച്ചെങ്കിൽ മാത്രമേ കണക്ടിവിറ്റി ലഭിക്കുകയുള്ളൂ.

| | | | |
|---|---|---|---|
| (ഡി) | കിഫ്ബി പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം അറിയിക്കാമോ; ഇതിനായി വകുപ്പിന് കീഴിലുള്ള എസ്.പി.വി.കളെ ശക്തിപ്പെടുത്താൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ഡി) | ഡി.പി.ആർ.സമർപ്പിക്കുവാൻ അനുമതി ലഭ്യമായ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് കരാറുറപ്പിക്കൽ, പ്രവൃത്തികളുടെ പുരോഗതി ഉറപ്പുവരുത്തൽ എന്നിവ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ടി വിവിധ എസ്.പി.വി.കളെ ഏർപ്പെടുത്തിയിട്ടുണ്ട്. എസ്.പി.വി. ആയി തീരുമാനിച്ചിട്ടുളള കെ.ആർ.എഫ്.ബി.യെ ശക്തിപ്പെടുത്തുന്നതിനു വേണ്ടി കിഫ്ബി പ്രവൃത്തികൾക്ക് മാത്രമായി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. |
| (ഇ) | ദേശീയപാത നാലുവരിയാക്കുന്നതിനുള്ള പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ? | (ഇ) | ദേശീയപാതകൾ നാലുവരിയാക്കുന്നതിന്റെ ജില്ലാ തല റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

**കാസർഗോഡ് ജില്ല**

- നീലേശ്വരം റെയിൽവേ ഓവർബ്രിഡ്ജിന്റെ (ROB) പ്രവൃത്തികൾ 13.05.2018 ൽ ആരംഭിച്ചിട്ടുണ്ട്.
- 76 കി.മീ. നീളം വരുന്ന രണ്ട് പ്രവൃത്തികൾ ടെണ്ടർ നടപടി ക്രമത്തിലാണ്. പൊന്നും വിലയ്ക്ക് ഏറ്റെടുക്കാനുള്ള 4 ഹെക്ടർ ഭൂമിയിൽ നിന്ന് 3.27 ഹെക്ടർ ഭൂമി നോട്ടിഫിക്കേഷനു വേണ്ടി ഭൂമി ഏറ്റെടുക്കൽ പോർട്ടലിലേയ്ക്ക് അപ് ലോഡ് ചെയ്തിട്ടുണ്ട്. നാളിതുവരെ 95% ഭൂമി ഏറ്റെടുക്കൽ ജോലികൾ എൽ.എ.ആക്ട് വകുപ്പ് 3D പ്രകാരം പൂർത്തീകരിച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ളവ 31.12.2018 ന് പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.
- എൽ.എ. ആക്ട് വകുപ്പ് 3G പ്രകാരമുള്ള നടപടികൾ പൊന്നും വില തഹസിൽദാർ ഓഫീസിൽ പൂർത്തീകരിക്കേണ്ടതുണ്ട്.
- മേൽ വിവരിച്ച നടപടികൾ പുരോഗമിച്ചു വരുന്നു.
- തടസ്സങ്ങൾ - എൽ.എ. ആക്ട് 1956 വകുപ്പ് 3G പ്രകാരമുള്ള നടപടികൾ മന്ദഗതിയിലാണ്.

**കണ്ണൂർ ജില്ല**

- തലശ്ശേരി - മാഹി ബൈപ്പാസ് റോഡിന്റെ പ്രവൃത്തികൾ 4.12.2017 ൽ ആരംഭിച്ചിട്ടുള്ളതാണ്.
- കണ്ണൂർ ജില്ലയെ സംബന്ധിച്ചിടത്തോളം ഭൂമി പൊന്നും വിലയ്ക്ക് എടുക്കുന്ന നടപടികളിൽ എൽ.എ.ആക്ട് 1956 വകുപ്പ് 3D പ്രകാരം 100% നടപടികളും പൂർത്തീകരിച്ചിട്ടുള്ളതാണ്. ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനായി എൽ.എ. ആക്ട് 1956 വകുപ്പ് 3G യുടെ 60% നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. (നാളിതു വരെ 25.29% നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.)
- എൽ.എ.ആക്ട് വകുപ്പ് 3G പ്രകാരമുള്ള നടപടികൾ പൊന്നും വില തഹസിൽദാർ ഓഫീസിൽ പൂർത്തീകരിക്കേണ്ടതുണ്ട്.
- പ്രവൃത്തി ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റ് പ്രശ്നങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

**കോഴിക്കോട് ജില്ല**

- എൽ.ഒ.എ (LOA) നടപടികൾ ആരംഭിച്ചിട്ടുണ്ട്.
- എൽ.എ.ആക്ട് വകുപ്പ് 3A പ്രകാരമുള്ള നടപടികൾ 8.36 ഹെക്ടറിന് ഒഴികെ പൂർത്തീകരിച്ചിട്ടുണ്ട്.
- എൽ.എ. ആക്ട് വകുപ്പ് 3D നടപടികൾ 69 ഹെക്ടറിന് ബാക്കിയുണ്ട്. (ഇതിൽ 44.34 ഹെക്ടറിന്റെ ശുപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളതും ആയതിന് കേന്ദ്ര മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കേണ്ടതായിട്ടുമുണ്ട്.
- എൽ.എ.ആക്ട് വകുപ്പ് 3D പ്രകാരമുള്ള 100% നടപടികളും 15.3.2019 ന് മുൻപ് തീരുമെന്ന് പ്രതീക്ഷിക്കുന്നു.
- പൊന്നും വില നടപടികൾ CALA (പൊന്നും വില തഹസിൽദാർ) ധ്രുതഗതിയിൽ നടത്തേണ്ടതുണ്ട്.
- പ്രവൃത്തി ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റ് പ്രശ്നങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.
- തടസ്സങ്ങൾ - പൊന്നും വില നടപടികൾ മന്ദഗതിയിലാണ്.

**മലപ്പുറം ജില്ല**

- പൊന്നും വില നടപടികൾ ധ്രുതഗതിയിൽ നടന്നു വരുന്നു. എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷനു നടത്തിയെങ്കിലും ആയതിൽ ചില തെറ്റുകൾ സംഭവിച്ചതിനാൽ അധികമായി 63 ഹെക്ടർ ഭൂമിയ്ക്കുള്ള നടപടികൾ ഇനിയും ബാക്കിയുള്ളതും ആയത് കേന്ദ്ര സർക്കാരിന്റെ എൽ.എ. പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതായിട്ടുണ്ട്.

- കൂടാതെ പൊന്നും വില നോട്ടിഫിക്കേഷനു ചില വില്ലേജുകൾ തെറ്റായി ഒഴിവായി പോയതിനാൽ എൽ.എ. ആക്ട് 3a ശുപാർശകൾ കേന്ദ്ര മന്ത്രാലയത്തിന് 4.11.2018 ൽ സമർപ്പിച്ചിട്ടുള്ളതും മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കേണ്ടതായിട്ടുമുണ്ട്.
- അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. കൂടാതെ എൽ.എ. ആക്ട് 3D വകുപ്പ് പ്രകാരം 62 ഹെക്ടർ ഭൂമിയുടെ നടപടികൾ ബാക്കിയുണ്ട്.
- എൽ.എ.ആക്ട് 3D പ്രകാരമുള്ള 100% നടപടി ക്രമങ്ങളും 31.3.2019 ന് പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.
- പ്രവൃത്തി ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റ് പ്രശ്നങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

**തൃശ്ശൂർ ജില്ല**

- എൽ.എ.ആക്ട് വകുപ്പ് 3A പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.
- അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതും, എൽ.എ. ആക്ട് വകുപ്പ് 3D പ്രകാരമുള്ള നടപടികൾ വെള്ളക്കെട്ട് ഇല്ലാത്ത സ്ഥലങ്ങളിൽ പൂർത്തീകരിച്ചിട്ടുള്ളതാണ്.
- പൊന്നും വില നടപടികൾ സെക്ഷൻ 3D പ്രകാരമുള്ളത് CALA ധൃതഗതിയിൽ സ്വീകരിക്കേണ്ടതുണ്ട്.
- പ്രവൃത്തി ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ചില ബൈപ്പാസ് ലൊക്കേഷനുകളിൽ വെള്ളക്കെട്ട് ഉള്ള സ്ഥലത്ത് സർവ്വേ നടപടികൾ പൂർത്തീകരിക്കാനായിട്ടില്ല

**എറണാകുളം ജില്ല**

- എൽ.എ.ആക്ട് വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ ഭൂമി രാശി പോർട്ടലിൽ അപ് ലോഡ് ചെയ്തെങ്കിലും വെള്ളപ്പൊക്കത്തെ സംബന്ധിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരസ്യം തടഞ്ഞ് വച്ചിരുന്നതുമാണ്. എന്നാൽ ഇത് സംബന്ധിച്ച് ഹെഡ്ക്വാർട്ടേഴ്സിലേയ്ക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതും എൽ.എ.ആക്ട് വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ ഭൂമി രാശി പോർട്ടലിൽ അപ് ലോഡ് ചെയ്തിട്ടുള്ളതും കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ പ്രതീക്ഷിച്ചിരിക്കുകയും ആണ്.
- അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള കരാറുകാരനും സർവ്വേ ടീമും പൊന്നും വില നടപടികൾ ആരംഭിക്കാൻ തയ്യാറായി ഇരിക്കുകയാണ്.
- കേന്ദ്ര മന്ത്രാലയത്തിന്റെ എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രതീക്ഷിച്ചിരിക്കുന്നു.

**ആലപ്പുഴ ജില്ല**

- എൽ.എ.ആക്ട് വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തിയിട്ടുള്ളതാണ്.
- നാഷണൽ ഹൈവേ അതോറിറ്റിയും ഡി.പി.ആർ.കൺസൾട്ടന്റും ചില സാങ്കേതികമായ തകരാറുകൾ മൂലം വീണ്ടും സർവ്വേ നടപടികൾ (ഇനിയും തെറ്റുകൾ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഒഴിവാക്കുവാൻ) നടത്തി വരുന്നു.
- ഭൂമി ഏറ്റെടുക്കൽ നടപടികൾ മേൽ പറഞ്ഞ കാരണങ്ങളാൽ കാലതാമസം നേരിട്ടുള്ളതാണ്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. 15.12.2018 ൽ ആയത് പൂർത്തീകരിക്കുന്നതാണ്.

**കൊല്ലം ജില്ല**

- എൽ.എ.വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തിയിട്ടുള്ളതാണ്.
- ചില സാങ്കേതികമായ തകരാറുകൾ മൂലം അതിർത്തി കല്ലുകൾ സ്ഥാപിച്ചത് മാറ്റേണ്ടതായിട്ടുള്ളതും ഇത് സംബന്ധിച്ച് ഉന്നത തല യോഗം വിളിച്ചു ചേർത്ത് അതിർത്തി കല്ലുകൾ പുന സ്ഥാപിക്കുന്നത് സംബന്ധിച്ച് ക്രമസമാധാന നില വഷളാകുന്നത് ഒഴിവാക്കാൻ

നടപടികൾ സ്വീകരിക്കേണ്ടാതായിട്ടുണ്ട്. 15.12.2018 ന് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നത് പൂർത്തീകരിക്കുന്നതാണ്.

**തിരുവനന്തപുരം ജില്ല**

- കഴക്കൂട്ടം മേൽപ്പാലത്തിന്റെ പൊന്നും വില അവാർഡ് നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും 9.10.2018 ൽ ഒരു കരാർ ഒപ്പിട്ടിട്ടുള്ളതുമാണ്. എൽ.എ. ആക്ട് വകുപ്പ് 3D പ്രകാരമുള്ള മേൽ നടപടികൾ പൊന്നും വില തഹസിൽദാർ അടിയന്തിരമായി സ്വീകരിക്കേണ്ടതായിട്ടുണ്ട്
- എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നടപടികൾ 100% ഉം പരസ്യപ്പെടുത്തിയിട്ടുള്ളതാണ്.
- നാഷണൽ ഹൈവേ അതോറിറ്റിയും ഡി.പി.ആർ. കൺസൾട്ടന്റും ചില സാങ്കേതികമായ തകരാറുകൾ മൂലം വീണ്ടും സർവ്വേ നടപടികൾ (ഇനിയും തെറ്റുകൾ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഒഴിവാക്കുവാൻ ) നടത്തി വരുന്നു.
- ഭൂമി ഏറ്റെടുക്കൽ നടപടികൾ മേൽ പറഞ്ഞ കാരണങ്ങളാൽ താമസം നേരിട്ടുള്ളതാണ്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.
- തിരുവനന്തപുരം ബൈപ്പാസ് ജോലികൾ കഴക്കൂട്ടം മുതൽ കാരോട് വരെയുള്ളത് പുരോഗമിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**